LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റബ്ബർ കർഷകരെ സഹായിക്കാൻ പ്രഖ്യാപിച്ച 300 കോടി രൂപയുടെ പദ്ധതി സർക്കാർ ഉത്തരവ് നമ്പർ 269/2015/ഫിൻ. തീയതി 3-7-2015 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) 3-7-2015-ലെ സ.ഉ.നമ്പർ 269/2015/ഫിൻ. പ്രകാരം നിലവിൽ വന്നിട്ടുള്ള "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി പ്രകാരം രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതാണ്.

(സി) റബ്ബർ ബോർഡ്, ദൈനംദിന വിലയും താങ്ങുവിലയും തമ്മിലുള്ള വിലവ്യത്യാസം കണക്കാക്കി കർഷകർക്ക് ലഭ്യമാക്കുവാൻ റബ്ബർ ഉൽപ്പാദക ജില്ലയിലെ അതാത് പ്രദേശത്തെ റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളുടെ (RPS) സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രകാരമുള്ള റബ്ബർ കർഷകരുടെ രജിസ്ട്രേഷൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പുരോഗമിക്കുന്നു. ഇതുവരെ 11,386 റബ്ബർ കർഷകർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കാർഷിക വായ്പ

108 (5457) ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. ടി. വി. രാജേഷ് :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കൃഷിക്കാർക്ക് മതിയായ അളവിൽ വായ്പാലഭ്യത ഉറപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്. സംസ്ഥാനത്തൊട്ടാകെ കൃഷി ഭവനുകളിലൂടെ രജിസ്റ്റർ ചെയ്തിട്ടുള്ള 18.77 ലക്ഷം കർഷകർക്ക് അഗ്രികാർഡ് നൽകുന്നതിനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു. കൂടാതെ വാണിജ്യ സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യുവരുന്ന കിസാൻ ക്രെഡിറ്റ് കാർഡുകൾ, ഹ്രസ്വകാല കാർഷിക വായ്പകൾ, അഗ്രി ഗോൾഡ് ലോൺ തുടങ്ങിയ വായ്പാ പദ്ധതികൾ വഴി വാണിജ്യ ബാങ്കുകൾ കൃഷിക്ക് ആവശ്യമായ വായ്പാ സൗകര്യങ്ങൾ കർഷകർക്ക് നൽകിവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന 7% പലിശയ്ക്ക് ഹ്രസ്വകാല കാർഷിക വായ്പകൾ വിതരണം നടത്തിവരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 5% പലിശ ഇളവിനോടൊപ്പം നബാർഡ് മുഖേന നൽകുന്ന പരമാവധി 3% പലിശ ഇളവ് ഉൾപ്പെടുത്തി പലിശ രഹിത വായ്പായി നൽകിവരുന്നു. കൂടാതെ നെൽകൃഷിക്ക് വായ്പകൾ പലിശരഹിതമായാണ് നൽകിവരുന്നത്.

കാർഷിക മേഖലയിൽ സ്വീകരിച്ച രോഗനിവാരണ പ്രവർത്തനങ്ങൾ

109 (5458) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനം ഇന്ന് നാളികേര മേഖലയിലും നെല്ലുല്പാദന മേഖലയിലും കർഷകർക്ക് കൃഷി നാശങ്ങൾ സഹിക്കാൻ ശേഷിയില്ലാത്തതുമൂലവും, കാർഷിക മേഖലയിൽ തെങ്ങുകൾക്ക് ഉണ്ടാകുന്ന രോഗനിവാരണത്തിന് വേണ്ടുന്ന മരുന്നുകളോ സംരക്ഷണമോ ലഭിക്കാത്തതുമൂലം കൃഷിനാശം സംഭവിക്കുന്നതുംമൂലവും കൃഷിയിൽ നിന്നും പിന്നാക്കം പോകുന്നതും ശ്രദ്ധയിൽപ്പെട്ടുവോ : എങ്കിൽ കർഷകരെ സഹായിക്കാൻ കാർഷിക മേഖലയിൽ സ്വീകരിച്ച രോഗനിവാരണ പ്രവർത്തനങ്ങളും സർക്കാർ സഹായങ്ങളും എന്ത് എന്ന് 2011 മുതൽ 2015 വരെയുള്ള സർക്കാർ പ്രവർത്തനങ്ങൾ എന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്ത് കേര കൃഷിയും നെൽ കൃഷിയും മറ്റ് കൃഷികളും എത്ര ഹെക്ടർ സ്ഥലങ്ങളിൽ നടത്തിയെന്നും എത്ര കർഷകർ എത്ര തുകയുടെ കൃഷിനാശങ്ങൾക്ക് വിധേയമായിയെന്നും ഓരോ വർഷവും രോഗാണു മൂലവും മറ്റും എത്ര കേര വൃക്ഷങ്ങൾ സർക്കാർ ധനസഹായം കൈപ്പറ്റിയും അല്ലാതെയും മുറിച്ചു മാറ്റുകയുണ്ടായിയെന്നും വ്യക്തമാക്കുമോ ?